

# ആത്മകഥ

പ്രമോദ് ജി.എം

**പുഴ...**
ഞാനാകുന്നു.
അടിത്തട്ടിലെ വെള്ളാരംകല്ലിലും
അരികുകളിലെ മരങ്ങളിലും
തട്ടിമുറിഞ്ഞുനൊന്ത് ഒഴുകിക്കൊണ്ടേയിരിക്കും.

**വെള്ളാരംകല്ല്...**
ഒരിക്കൽ ഞാനൊരു കരിങ്കല്ലായിരുന്നു.
നിന്റെ മനസ്സായി ജനിച്ചപ്പോൾ
ഉരുകിത്തേഞ്ഞു കറുപ്പല്ലാതായി

**മരം...**
എന്റെ വേരുകൾ നിന്നിലേക്കാഴ്ത്തി
വേദനകുടിച്ചുതീർത്ത് ചലനമറ്റപ്പോൾ
അതിനുമുമ്പ് ഞാൻ അമരം ●

# ഉപകാരസ്മരണ

റഹ്മാൻ ചേറൂർ

അറ്റാച്ച്ഡ് വീട്ടിനകത്തൊരു കക്കൂസില്ലെന്ന
കുറവങ്ങു തീർത്തു.
വേണം ഒരു ശൗച്യാലയം
എന്നല്ലേ നവ മുദ്രാവാക്യം!

രാവേറെച്ചെന്നാലും എന്നെ കാത്തിരിക്കാൻ ഭാര്യക്കായി,
ഒരു ചാരുകസേരയും
ഉമ്മറക്കോലായയിൽത്തന്നെയങ്ങു പണിതിട്ടു.

മൂത്തപുത്രന് കൃത്യം പതിനൊന്നാമത്തെ




പുസ്തകപ്പുരയിലേക്കുള്ള
പുസ്തകങ്ങൾ രണ്ട്
കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12

## വിശ്വാസം, കർമം സംശയങ്ങൾക്ക് മറുപടി

സത്യവിശ്വാസവും സൽക്കർമവും സമന്വയിച്ച ജീവിതക്രമമാണ് ഇസ്‌ലാം. ഇസ്‌ലാമിക ജീവിതം നയിക്കണമെങ്കിൽ വിശ്വാസ കർമങ്ങളെക്കുറിച്ച് സാമാന്യ ധാരണ ആവശ്യമാണ്. അവയുമായി ബന്ധപ്പെട്ട ഒരു കൂട്ടം സംശയങ്ങൾക്കുള്ള മറുപടിയാണ് മുഹമ്മദ് കാടേരിയുടെ 'വിശ്വാസം, കർമം സംശയങ്ങൾക്ക് മറുപടി' എന്ന പുസ്തകം. പ്രസാധനം: ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്. വില: 250 രൂപ.

## കുരുമുളക് നാട്ടിലൂടെ ഒരു ചരിത്ര യാത്ര

വടക്കേ മലബാറിന്റെ ഉത്ഥാനപതനങ്ങൾക്ക് കാരണമായിരുന്നത് അവിടെ കൃഷി ചെയ്യപ്പെട്ടിരുന്ന വാണിജ്യ വിളകൾ,



# വല

**ഹമീദ് ചങ്ങരംകുളം, അജ്മാൻ**

വിയർപ്പുനാറ്റം
ബീഡിക്കറയുടെ ക്ലാവ്
മുഷിഞ്ഞ തലേക്കെട്ട്
നഖങ്ങളിലെ ചെളിക്കെട്ട്
കയ്യിലെ വല
'വല'യിലായ നവലോകത്തിന്റെ
മുഖം ചുളിയുന്നു.
തമാശയതല്ല
തോളിലെ വല കുടഞ്ഞ്
തീന്മേശയിലെത്തിയാൽ
ഉപ്പുകാറ്റേറ്റ് കരുവാളിച്ച മുഖം
ചില്ലുകൊട്ടാരത്തിലെ ആറന്മുള
ക്കണ്ണാടിയിൽ തെളിയില്ല
ആർക്കും ഓക്കാനം വരികയില്ല.

വലക്കണ്ണി ദുർബലമാകുന്തോറും
മോഹങ്ങളൂർന്നു പോകുന്നു
ചുറ്റിലും പുതുമീനുകൾ
പുളച്ചു കളിക്കുന്നു
വലയെറിയാനാവാതെ
ഞാനീതോണിയിൽ
അകലെയൊരു കലവും
അരിയൊഴിഞ്ഞ മുറവും.

വലയായ വലയൊക്കെ
കണ്ണിയറ്റാൽ
മീനായ മീനൊക്കെ
കടൽക്കരയിൽ
ഒന്നിക്കുമായിരിക്കും വെറുതെ
സൊറ പറഞ്ഞിരിക്കാൻ.

---

നീല ജീൻസും ഒട്ടും ലോഭമില്ലാതെ
കുടുംബ ഫണ്ടിൽ നിന്നുമനുവദിച്ചു.

കൊച്ചു മകൾക്ക് പുത്തനൊരു സ്ലേറ്റും
ഇത്തിരി വൈകിയപ്പോൾ-
ഇതൊക്കെ ഉത്തരവാദിത്തമാണെന്ന്
അവൾ തന്നെ ഓർമിപ്പിച്ചുവെങ്കിലും.

പ്രവർത്തനങ്ങൾ എന്തെല്ലാം ചെയ്തു ഞാൻ
എന്റെയീ തറവാട്ടു വാർഡിൽ!

അപ്പോൾ, പ്രജകൾക്കൊക്കെയൊരു
സ്മരണ വേണം.
എനിക്കുമൊരു മോഹം
ആദരണീയ നേതാവിനെപ്പോലെ
സുസ്മേരവദനനായി
എല്ലാം എണ്ണിയെണ്ണിപ്പറഞ്ഞ്,
എനിക്കും നാട്ടണം
ഈ തിരുമുറ്റത്തൊരു-
ബഹുവർണ ഫ്ളക്സ് ബോർഡ്!!

---




വിശിഷ്യ കുരുമുളക് ആയിരുന്നു. കുരുമുളകിന് വേണ്ടി ആരംഭിച്ച പോരാട്ടങ്ങൾ പിന്നീട് ബ്രിട്ടീഷ് അധിനിവേശത്തിന് കാരണമായി. കുരുമുളക് കൃഷിയെയും അതുമായി ബന്ധപ്പെട്ട രാഷ്ട്രീയ സാമ്പത്തിക ചരിത്രത്തെയും കുറിച്ചുള്ളതാണ് വി.കെ കുട്ടുവിന്റെ ഈ പുസ്തകം. വില: 70 രൂപ.

### ഖുർആൻ-ശാസ്ത്ര ചിന്തകൾ

മതപഠനത്തോടൊപ്പം ശാസ്ത്രാഭിമുഖ്യവും ഉണ്ടായിരുന്നപ്പോഴാണ് മുസ്‌ലിം സമൂഹം ഔന്നത്യം കൈവരിച്ചിരുന്നത്. മതത്തെയും ശാസ്ത്രത്തെയും ചിന്താബന്ധുരമായി സമന്വയിപ്പിക്കുന്ന കൃതിയാണ് മുട്ടാണിശ്ശേരിൽ എം. കോയാക്കുട്ടിയുടെ 'ഖുർആൻ ശാസ്ത്ര ചിന്തകൾ.' പ്രസാധനം: വിചാരം ബുക്സ്. വില: 150 രൂപ.